# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

**www.lfa.kerala.gov.in**

# പാഞ്ഞാൾ ഗ്രാമ പഞ്ചായത്ത്
# ഓഡിറ്റ് റിപ്പോർട്ട്

**2014-15**


## ജില്ലാ ഓഡിറ്റ് കാര്യാലയം

## തൃശ്ശൂർ

**e-mail:dotsr.ksad@kerala.gov.in**

(രജിസ്റ്റർ ചെയ്തു കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ.ടി.എസ്.ആർ.(പി.4)1156/16 കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ

തീയതി: 14.07.2016

ഫോൺ- 0487 2331249
Email- dotsr.ksad@kerala.gov.in

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

പാഞ്ഞാൾ ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം:പാഞ്ഞാൾ ഗ്രാമപഞ്ചായത്ത് -2014-15 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് –സംബന്ധിച്ച്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പാഞ്ഞാൾ ഗ്രാമപഞ്ചായത്തിന്റെ 2014-15 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 3 ലെ 3-7, 3-12, 3-23 ഖണ്ഡികകളിലേയ്ക്കും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1)ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തൃശ്ശൂർ (ഉപരിപത്ര സഹിതം)
3)കാര്യാലയ പകർപ്പ്

നം കെ.എസ്.എ.ടി.എസ്.ആർ.(പി.4)1156 /2016 തിയ്യതി:14.07.2016

## തൃശ്ശൂർ ജില്ലയിലെ പാഞ്ഞാൾ ഗ്രാമപഞ്ചായത്തിന്റെ 2014-15 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(**1994** ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് **215(4)** , **1994** ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് **13, 1996**ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18** എന്നിവ പ്രകാരം

പുറപ്പെടുവിക്കുന്നത്.)

തൃശ്ശൂർ ജില്ലയിലെ പാഞ്ഞാൾ ഗ്രാമപഞ്ചായത്തിന്റെ 2014-15 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 18.11.2014 മുതൽ 14-11-2015 തീയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 1.4.14 മുതൽ 31.3.15 വരെ വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 33 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 19 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ ക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

<u>(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം</u>

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | സി.വൈ.സലിം, ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 30.6.16 മുതൽ 11.7.2016 വരെ |

| | | |
|---|---|---|
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീ.പി.എസ്.സാബു | ഓഡിറ്റ് ഓഫീസർ |
| | ശ്രീമതി.ഷാജിത.കെ.എം | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | ശ്രീമതി.സുജാത.പി. | ഓഡിറ്റർ ട്രെയിനി |

<u>(ബി)നിർവ്വഹണാധികാരികൾ</u>

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീമതി.ബിന്ദു സുരേഷ് | 1.4.14 മുതൽ 31.3.15 വരെ |
| സെക്രട്ടറി | ശ്രീമതി.വി.ആർ.പങ്കജാക്ഷി | 1.4.14 മുതൽ 26.8.14 FN വരെ |
| | ശ്രീ.ഇ.ഒ.ഫ്രാൻസിസ് | 26.8.14 AN മുതൽ 10.9.14 FN |

| | | |
|---|---|---|
| | | വരെ |
| | ശ്രീ.വി.കെ.ശ്രീധരൻ | 10.9.14 AN മുതൽ 31.3.15 വരെ |
| നിർവ്വഹണ ഉദ്യോഗസ്ഥർ | | |
| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
| അസിസ്റ്റന്റ് സെക്രട്ടറി | ശ്രീ.സി.എസ്.മാത്യൂസ് | 1.4.14 മുതൽ 1.9.14 FN വരെ |
| | ശ്രീ.എ.എസ്.വിജയൻ | 1.9.14AN മുതൽ 31.3.15 വരെ |
| കൃഷി ഓഫീസർ | ശ്രീമതി.വൃന്ദ.കെ | 1.4.14 മുതൽ 31.3.15 വരെ |
| അസിസ്റ്റന്റ് എഞ്ചിനീയർ | ശ്രീമതി.നിമിഷ.വി.കൃഷ്ണൻ | 1.4.14 മുതൽ 31.3.15 വരെ |
| മെഡിക്കൽ ഓഫീസർ, പി.എച്ച്.സി. | ഡോ.സുനിൽകുമാർ.സി.കെ. | 1.4.14 മുതൽ 31.3.15 വരെ |
| മെഡിക്കൽ ഓഫീസർ, ആയുർവേദം | ഡോ.മനോജ്.വി.തോമസ് | 1.4.14 മുതൽ 31.3.15 വരെ |
| മെഡിക്കൽ ഓഫീസർ, ഹോമിയോ | ഡോ.മീരാ റാണി | 1.4.14 മുതൽ 31.3.15 വരെ |
| വെറ്ററിനറി സർജൻ | ഡോ.ഡാനി.കെ | 1.4.14 മുതൽ 31.3.15 വരെ |
| പ്രധാന അദ്ധ്യാപിക | ശ്രീമതി.കെ.ആർ.സരോജിനി | 1.4.14 മുതൽ 31.3.15 വരെ |
| വി.ഇ.ഒ. | ശ്രീ.സജി എബ്രഹാം | 1.4.14 മുതൽ 31.3.15 വരെ |
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | ശ്രീമതി.പ്രസന്നകുമാരിഅമ്മ | 1.4.14 മുതൽ 19.11.14 വരെ |
| | ശ്രീമതി.മിനി.പി.കെ | 20.11.14 മുതൽ |

| | | |
|---|---|---|
| | | 31.3.15 വരെ |
| ഡയറി ഫാം ഇൻസ്ട്രക്ടർ | ശ്രീ.സുരേഷ് കുമാർ.എ | 1.4.14 മുതൽ 31.3.15 വരെ |

**ഉള്ളടക്കം**



| ക്രമ നം. | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക. | 1-2 |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം. | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം | 1-6 |
| 7 | തനത് വരുമാനം. | 1-7 |
| 8 | ക്ഷേമപദ്ധതികൾ | 1-8 |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 11 | പഞ്ചായത്ത് സമിതിയുടെ യോഗതീരുമാനങ്ങളും യോഗനടപടിക്രമവും രേഖപ്പെടുത്തുന്നതിലെ അപാകതകൾ | 1-11 |
| | ഭാഗം 2 | |
| 12 | സ്ഥാപനതൊഴിൽ നികുതി ഈടാക്കിയിട്ടില്ല | 2-1 |
| 13 | ഡി&ഒ ലൈസൻസ് -അപാകതകൾ | 2-2 |
| 14 | ക്വാറി ലൈസൻസ്-അപാകതകൾ | 2-3 |
| 15 | പെർമിറ്റ് /എൻ.ഒ.സി അപാകതകൾ | 2-4 |
| 16 | പെർമിറ്റ് ഫയലുകൾ ഹാജരാക്കിയിട്ടില്ല | 2-5 |
| 17 | ലേലം-അപാകതകൾ | 2-6 |
| 18 | മൊബൈൽ ടവറുകൾ-യഥാർത്ഥ വിവരങ്ങൾ ഗ്രാമപഞ്ചായത്തിൽ ലഭ്യമല്ല. | 2-7 |
| 19 | വാട്ടർചാർജ്-പിരിച്ചെടുക്കാനുള്ള കുടിശ്ശിക നാളിതുവരെ തിട്ടപ്പെടുത്തിയിട്ടില്ല | 2-8 |
| 20 | വസ്തുനികുതി-അപാകതകൾ | 2-9 |
| 21 | അനധികൃത മതിൽ നിർമ്മാണം-തുടർനടപടികൾ അറിയിക്കേണ്ടത് | 2-10 |
| | ഭാഗം 3 | |
| 22 | ഒരേ ഗുണഭോക്താവിന് തൊഴിൽരഹിതവേതനവും,വിധവാപെൻഷനും വിതരണം ചെയ്തു | 3-1 |
| 23 | വിധവാപെൻഷന് അപേക്ഷ സമർപ്പിച്ച വ്യക്തിക്ക് അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ അനുവദിച്ചു. | 3-2 |
| 24 | അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ-അർഹത പരിശോധിച്ചില്ല | 3-3 |
| 25 | ജനറേറ്റർ-ലോഗ്ബുക്ക് പരിപാലിച്ചിട്ടില്ല | 3-4 |
| 26 | സ്പെസിഫിക്കേഷൻ വ്യക്തമാക്കാതെ ടെണ്ടർ ചെയ്ത് ഉപകരണങ്ങൾ വാങ്ങി | 3-5 |
| 27 | ഭവന പുനരുദ്ധാരണം-അപാകതകൾ | 3-6 |
| 28 | ഭവന പുനരുദ്ധാരണം-അർഹതയില്ലാത്ത ഗുണഭോക്താക്കൾക്ക് ആനുകൂല്യം അനുവദിച്ചു | 3-7 |
| 29 | ബാലസഭ പ്രവർത്തനം - അപാകതകൾ | 3-8 |
| 30 | ഭവന നിർമ്മാണ പദ്ധതി - തനതു ഫണ്ടിന്റെ അഭാവത്തിൽ ഗുണഭോക്താക്കൾക്ക് തുക | 3-9 |

| | | |
|---|---|---|
| | നൽകിയിട്ടില്ല | |
| 31 | IAY (SCP) വിഹിതം-വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കണം | 3-10 |
| 32 | സാന്ത്വന പരിചരണം- മരുന്നുകൾ ലഭ്യമായിട്ടില്ല | 3-11 |
| 33 | ജാഗ്രതാ സമിതി- തുക ചെലവഴിച്ചിട്ടില്ല | 3-12 |
| 34 | നിർവഹണോദ്യോഗസ്ഥർ നിശ്ചിത മാതൃകയിൽ കാഷ് ബുക്ക് സൂക്ഷിക്കുന്നില്ല | 3-13 |
| 35 | SSA ഫണ്ട്- വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കണം | 3-14 |
| 36 | മഴക്കാലപൂർവ്വശുചീകരണം-രേഖകൾ ഹാജരാക്കിയില്ല | 3-15 |
| 37 | വി.ഇ.ഒ നിർവ്വഹണം നടത്തിയ പദ്ധതികൾ- അപാകതകൾ | 3-16 |
| 38 | കന്നുകുട്ടി പരിപാലന പദ്ധതി -അപാകതകൾ | 3-17 |
| 39 | പഴയാർ പാടശേഖരം ലിഫ്റ്റ് ഇറിഗേഷൻ -മോട്ടോർ പമ്പ് സെറ്റ് സ്ഥാപിക്കുന്നതിന് അധിക തുക നല്കി | 3-18 |
| 40 | തെരുവുവിളക്കുകൾ-പൊതുപരാമർശങ്ങൾ | 3-19 |
| 41 | ഗുണഭോക്തൃസമിതി പ്രവൃത്തികളുടെ മെമ്മോറാണ്ടം ഓഫ് പെയ്മെന്റ് തയ്യാറാക്കുന്നതിൽ അപാകത | 3-20 |
| 42 | റൂഫിങ്ങ് പ്രവൃത്തിക്ക് അധിക നിരക്കുകൾ നല്കി | 3-21 |
| 43 | കമ്പ്യൂട്ടറുകളും ഫർണിച്ചറും വാങ്ങൽ-കീഴില്ലം, തൊഴുപ്പാടം സ്കൂളുകൾ-വിതരണ രേഖകൾ ഹാജരാക്കിയില്ല | 3-22 |
| 44 | വൃദ്ധസദനത്തിലേക്ക് വാങ്ങിയ ടെലിവിഷൻ ഭൗതികപരിശോധനയിൽ കണ്ടെത്താനായില്ല | 3-23 |
| | **ഭാഗം 4** | |
| 45 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 46 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 47 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 |
| 48 | വായ്പ/ വായ്പ തിരിച്ചടവ് | 4-4 |
| 49 | സ്ഥിരനിക്ഷേപങ്ങൾ | 4-5 |
| 50 | ഓഡിറ്റ് റിക്കവറി | 4-6 |
| 51 | ഓഡിറ്റ് പ്രത്യവലോകനം | 4-7 |
| 52 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-8 |


# ഭാഗം -1

# പൊതു അവലോകനം

# പൊതു അവലോകനം

## 1-1 ബജറ്റ്

2014-15 വർഷത്തെ ബജറ്റ് 17.2.2014 തിയതിയിലെ 1-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. ബജറ്റ് പ്രകാരമുള്ള പ്രതീക്ഷിത വരവ് 185417887/- രൂപയും പ്രതീക്ഷിത ചെലവ് 182126000/- രൂപയുമാണ്.

## 1-2 വാർഷിക ധനകാര്യപത്രിക.

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31-07-2015 | 31.7.2015 |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

| വർഷം | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|
| 2014-15 | നം.കെ.എസ്.എ),ടി.എസ്.ആർ.(ഇ3) 1456/15(62) തിയതി, 16.10.2015<br>വിശേഷണങ്ങളോടു കൂടിയ സാക്ഷ്യപത്രം |

വാർഷിക ധനകാര്യ പത്രികയിലെ താഴെ പറയുന്ന അപാകതകൾ ഇപ്പോഴും പരിഹരിച്ചിട്ടില്ല.
1.വസ്തുനികുതി ഡിമാന്റ്/കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കിയിട്ടില്ല.
2. ധനകാര്യ വർഷത്തേക്കുള്ള സ്റ്റോക്ക് റിപ്പോർട്ട് സെക്രട്ടറി തയ്യാറാക്കിയിട്ടില്ല
3. നാളിതുവരെയുള്ള ആസ്തി, ബാദ്ധ്യത വിവരങ്ങൾ വാർഷികകണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.
(ഓഡിറ്റ് സർട്ടിഫിക്കറ്റ്, ഓഡിറ്റ് ചെയ്ത വാർഷിക ധനകാര്യപത്രികയിലെ ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ട്, റസീറ്റ് ആന്റ് പേയ്മെന്റ് അക്കൗണ്ട്, ബാലൻസ് ഷീറ്റ്, എന്നിവ അനുബന്ധമായി ചേർത്തിരിക്കുന്നു.)

## 1-4 സാമ്പത്തിക വിശകലനം

മുന്നിരിപ്പ് - ₹. 4366612/-

വരവ് - ₹. 81458863/-

ആകെ - ₹. 85825475/-

ചെലവ് – ₹. 75566867/-

നീക്കിയിരിപ്പ്- ₹. 10258608/-

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 116948 | 8088000 | 8204948 | 7475113 | 729835 | 91% |
| വികസനഫണ്ട് എസ്.സി.പി. | 657350 | 6488000 | 7145350 | 5742685 | 1402665 | 80.37% |
| വികസനഫണ്ട് ടി.എസ്.പി. | 0 | 0 | 0 | 0 | 0 | --- |
| സംരക്ഷണഗ്രാന്റ് റോഡ് | 484000 | 12358000 | 12842000 | 10885481 | 1956519 | 85% |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 277586 | 2530000 | 2807586 | 2789314 | 18272 | 99.34% |
| 13-ാം ധനകാര്യ കമ്മീഷൻ | 384398 | 5885084 | 6269482 | 5619355 | 650127 | 89.63% |

| | | | | | | |
|---|---|---|---|---|---|---|
| ഗ്രാന്റ് | | | | | | |
| പെർഫോമൻസ് ഗ്രാന്റ് | 781929 | 2769000 | 3550929 | 537538 | 3013391 | % |
| എം.എൻ.ആർ. ഇ.ജി.എസ്. | 44056 | 1277229 | 1321285 | 1321285 | 0 | 100% |
| ബി ഫണ്ട് | 0 | 24044705 | 24044705 | 24044705 | 0 | 100 |

## 1-6 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 213 | 60526044 | 138 | 42955915 | 53 | 22 | 64.79 |

<u>പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ</u>

ഒന്നുമില്ല

## 1-7 തനത് വരുമാനം

മുൻവർഷത്തേക്കാൾ സ്ഥാപനത്തിന് ഈ സാമ്പത്തികവർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം 96 ശതമാനം വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 1622820 | 3735836 | 2113016 | (+)130 |
| നികുതിയേതര വരവുകൾ | 307741 | 455796 | 148055 | (+)48.11 |
| മറ്റുവരവുകൾ | 923746 | 443822 | 479924 | (+)51.95 |
| ആകെ | 2854307 | 4635354 | 2740995 | (+)96 |

## 1-8 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 260400 | 153 |
| കർഷകതൊഴിലാളി പെൻഷൻ | 4712745 | 662 |
| വിധവാപെൻഷൻ | 7932820 | 1082 |
| വാർദ്ധക്യകാലപെൻഷൻ | 6084195 | 1150 |
| വികലാംഗപെൻഷൻ | 3335150 | 300 |
| അവിവാഹിത പെൻഷൻ | 1342145 | 163 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 7.7.2016ന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 3878/-രൂപ നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 10.6.2016 | 2016 ഏപ്രിൽ, മെയ് | ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 2003 | 1997-98 മുതൽ 2002-03 വരെ | 18.8.2003 |

## 1-11 പഞ്ചായത്ത് സമിതിയുടെ യോഗതീരുമാനങ്ങളും യോഗനടപടിക്രമവും രേഖപ്പെടുത്തുന്നതിലെ അപാകതകൾ

1995 ലെ കേരള പഞ്ചായത്ത് രാജ് (പഞ്ചായത്തിന്റെ യോഗ നടപടിക്രമം) ചട്ടങ്ങളിലെ ചട്ടം 26 ൽ യോഗതീരുമാനങ്ങളും യോഗ നടപടിക്രമവും രേഖപ്പെടുത്തുന്ന വിധം പ്രതിപാദിക്കുന്നുണ്ട്. എന്നാൽ ഇതിലെ നിർദ്ദേശങ്ങൾ പലതും പാലിച്ചിട്ടില്ല.

ചട്ടം 26(3)പ്രകാരം പഞ്ചായത്ത് യോഗത്തിൽ പാസാക്കുന്ന തീരുമാനങ്ങളും പ്രമേയങ്ങളും രേഖപ്പെടുത്തുന്നതിന് ഒരു തീരുമാന രജിസ്ററും പഞ്ചായത്തിന്റെ യോഗ നടപടിക്രമം രേഖപ്പെടുത്തുന്നതിന് ഒരു മിനിട്സ് ബുക്കും ഉണ്ടായിരിക്കേണ്ടതും അവയിൽ മുൻകൂട്ടി ക്രമമായി പേജ് നമ്പർ രേഖപ്പെടുത്തേണ്ടതും അവ സെക്രട്ടറിയുടെ സൂക്ഷിപ്പിൽ ആയിരിക്കേണ്ടതുമാണ്. ചട്ടം 26(4)പ്രകാരം പഞ്ചായത്ത് പാസാക്കുന്ന തീരുമാനങ്ങളും പ്രമേയങ്ങളും അവ പാസാക്കുന്ന മുറയ്ക്ക് സെക്രട്ടറി അല്ലെങ്കിൽ അദ്ദേഹം ചുമതലപ്പെടുത്തുന്ന ഉദ്യോഗസ്ഥൻ തീരുമാനരജിസ്ററിൽ ഓരോന്നിനും ഒരു ക്രമനമ്പർ നല്കിയും ബന്ധപ്പെട്ട അജണ്ട നമ്പർ ചേർത്തും ഒരു കാർബൺ പേപ്പർ പകർപ്പ് സഹിതം രേഖപ്പെടുത്തേണ്ടതും അപ്രകാരം രേഖപ്പെടുത്തിയതിന് താഴെ സെക്രട്ടറിയും യോഗാദ്ധ്യക്ഷനും ഒപ്പു വയ്ക്കേണ്ടതുമാണ്. തീരുമാന രജിസ്റ്റർ സൂക്ഷിക്കുന്നുണ്ടെങ്കിലും സെക്രട്ടറിയും യോഗാദ്ധ്യക്ഷനും സാക്ഷ്യപ്പെടുത്തുന്നില്ല.മിനിട്സിലെ രേഖപ്പെടുത്തലുകളിൽ (മിനിട്സിലും തീരുമാനങ്ങൾ രേഖപ്പെടുത്തുന്നുണ്ട്) താഴെപറയുന്ന അപാകതകൾ കാണുന്നു.

1. തീരുമാനങ്ങൾ യോഗാദ്ധ്യക്ഷൻ സാക്ഷ്യപ്പെടുത്തിയിട്ടില്ല

താഴെപറയുന്ന തിയതികളിലെ യോഗതീരുമാനങ്ങൾ അദ്ധ്യക്ഷൻ സാക്ഷ്യപ്പെടുത്തിയിട്ടില്ല.

| തീയതി | പേജ് നമ്പർ |
|---|---|
| 22.11.14 | 245 |
| 8.12.14 | 263 |
| 15.12.14 | 279 |

| | |
|---|---|
| 6.1.15 | 41 |
| 31.1.15 | 109 |
| 16.2.15 | 141 |
| 3.3.15 | 171 |
| 25.3.15 | 216 |
| 28.3.15 | 221 |

2. എഴുതാതെ പേജുകൾ ഒഴിച്ചിട്ടിരിക്കുന്നു

ഉദാ:- പേജ് 280 മുതൽ 300 വരെ (15.12.14 നു ശേഷം)

1995 ലെ കേരള പഞ്ചായത്ത് രാജ് (പഞ്ചായത്തിന്റെ യോഗ നടപടിക്രമം) ചട്ടങ്ങളിലെ നിർദ്ദേശങ്ങൾക്കനുസരിച്ച് യോഗങ്ങൾ നടത്തുന്നതിന് ഉത്തരവാദപ്പെട്ടവർ ശ്രദ്ധിക്കേണ്ടതാണ്.

## ഭാഗം -2

# വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 സ്ഥാപനതൊഴിൽ നികുതി ഈടാക്കിയിട്ടില്ല

2014-15 സാമ്പത്തിക വർഷം താഴെ പറയുന്ന സ്ഥാപനങ്ങളിൽ നിന്നും സ്ഥാപനതൊഴിൽ നികുതി ഈടാക്കിയിട്ടില്ല

| സ്ഥാപനം | അർദ്ധവർഷം |
|---|---|
| ഫെഡറൽ ബാങ്ക്, പാഞ്ഞാൾ | രണ്ടാം അർദ്ധവർഷം |

| | |
|---|---|
| കാത്തലിക് സിറിയൻ ബാങ്ക്, | ഒന്നും രണ്ടും അർദ്ധവർഷം |
| ജനകീയം കോ-ഓപ്പറേറ്റീവ് ബാങ്ക് | ഒന്നും രണ്ടും അർദ്ധവർഷം |
| എസ്.എസ്.ബിൽഡിംഗ് മെറ്റീരിയൽസ് | ഒന്നും രണ്ടും അർദ്ധവർഷം |
| സതേൺ റോക്ക്സ് | ഒന്നും രണ്ടും അർദ്ധവർഷം |

സ്ഥാപനതൊഴിൽ നികുതി ഈടാക്കിയതിന്റെ വിശദാംശങ്ങൾ ഹാജരാക്കേണ്ടതാണ്.

## 2-2 ഡി&ഒ ലൈസൻസ് -അപാകതകൾ

1) യന്ത്രത്തിന്റെ കുതിരശക്തിയുടെ അടിസ്ഥാനത്തിൽ ലൈസൻസ് ഫീ ഈടാക്കിയിട്ടില്ല.

പി.എം. നസീമ, കളപ്പുരയ്ക്കൽ എന്നവരുടെ കരിങ്കല്ല് പൊട്ടിച്ച് മെറ്റലും മണലും ഉല്പാദിപ്പിക്കുന്ന ശക്തി ഗ്രാനൈറ്റ്സ് എന്ന സ്ഥാപനത്തിന് നിലവിൽ 50 HP പ്രവർത്തിപ്പിക്കാനുള്ള അനുമതി ലഭിച്ചിട്ടുള്ളതും അതിനോടൊപ്പം 70HP പ്രവർത്തിപ്പിക്കാനുള്ള അനുമതിക്ക് 16.5.14ൽ അപേക്ഷിക്കുകയും, ലൈസൻസ് ഫീ ഇനത്തിൽ 60 HP മോട്ടോറിന് 500/-രൂപ ഈടാക്കുകയും ചെയ്തിട്ടുണ്ട്.(രസീതി നം.11402100752/11.6.14) 50HP മുതൽ 100HP വരെ യന്ത്രത്തിന്റെ കുതിരശക്തി ഉപയോഗിക്കുന്നവയ്ക്ക് 1000/-രൂപ ഈടാക്കേണ്ടതാണ്.(ചട്ടം 18,19 പട്ടിക III)കുറവു തുക 500/- ഈടാക്കി അറിയിക്കേണ്ടതാണ്.

2)ജീവനക്കാരുടെ വിവരങ്ങൾ രേഖപ്പെടുത്തിയ സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല'

ഡി &ഒ ലൈസൻസ് രജിസ്റ്ററിൽ ലൈസൻസ് നമ്പർ രേഖപ്പെടുത്തിയിട്ടില്ല.

| അപേക്ഷകൻ | സ്ഥാപനം | അപേക്ഷ പ്രകാരം ജീവനക്കാരുടെ എണ്ണം |
|---|---|---|
| കെ.കെ.ജെയ്സൺ | ശക്തി സെറാമിക്സ്&ക്ലേ പ്രൊഡക്ട്സ് | 10 |
| വി.എം.സാദിഖലി | അൽ-ഷിഫ മാച്ച് ഇൻഡസ്ട്രീസ് | 9 |
| ശ്രീഭ.എസ്.എസ്, അമ്പാടി | എസ്.എസ്.ബിൽഡിംഗ് മെറ്റീരിയൽസ് | 6 |
| എം.ഗിരിജൻമേനോൻ | നിളയോരം റിസോർട്സ് | 6 |

| | | |
|---|---|---|
| | & ആയുർവേദിക് സെന്റർ | |
| ടി.മാത്യു എബ്രഹാം | സതേൺ റോക്ക്സ് | 20 |
| റോയ് മാത്യു, പ്ലാംപനിയാൽ | ഫൈവ് സ്ററാർ ഗ്രാനൈറ്റ്സ് | 6 |

മേൽ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽനികുതി ഡിമാന്റ് ചെയ്ത് ഈടാക്കേണ്ടതാണ്.

3)അപേക്ഷ സമർപ്പിച്ചവർക്ക് ലൈസൻസ് അനുവദിച്ചിട്ടില്ല.

ഡി&ഒ രജിസ്റ്ററിൽ അപേക്ഷ സമർപ്പിച്ചതായി രേഖപ്പെടുത്തിയിട്ടുള്ള അപേക്ഷകരിൽ നിന്നും ലൈസൻസ് അനുവദിച്ച് ലൈസൻസ് ഫീ ഈടാക്കിയതായി കാണുന്നില്ല.ചില ഉദാഹരണങ്ങൾ താഴെ കൊടുക്കുന്നു.

| കെട്ടിടനം | അപേക്ഷകൻ | സ്ഥാപനം |
|---|---|---|
| 2/14 | കെ.കെ.രമേഷ് കുമാർ | വെൽഡിംഗ് വർക്ക് ഷോപ്പ് |
| VIII/583 | ഷാഹിൽമോൻ,ഊരമ്പത്ത് | ഹാർഡ് വെയർ, ഇലക്ട്രിക്കൽ പംബ്ലിങ്ങ് സാധനങ്ങളുടെ സ്റ്റോക്ക് വിൽപ്പന |
| VIII/586 | ഷാഹിൽമോൻ,ഊരമ്പത്ത് | വളം , കീടനാശിനി കൾ,സിമന്റ് സ്റ്റോക്ക്,വിൽപ്പന |
| VIII/306 | മാനേജിംഗ് ഡയറക്ടർ, കർഷക സർവ്വീസ് സഹകരണബാങ്ക് | പലചരക്ക് , പ്ലാസ്റ്റിക് സാധനങ്ങളുടെ സ്റ്റോക്ക്,വിൽപ്പന |
| VIII/330 | മാനേജിംഗ് ഡയറക്ടർ, കർഷക സർവ്വീസ് സഹകരണബാങ്ക് | വളം , കീടനാശി നികൾ,സിമന്റ് സ്റ്റോക്ക്, വിൽപ്പന |
| --- | മുഹമ്മദ് s/oയൂസഫ് കൊണ്ടരുതൊടി | കരിങ്കല്ല് ക്വാറി |
| 2/13A,<br>2/16B | സബിൻ പുരുഷോത്തമൻ | ഇന്റർലോക്ക് സിമന്റ് ബ്രിക്സ്<br>(55HPമോട്ടോർ) |

അപേക്ഷകളിൽ അപേക്ഷ നിരസിക്കുന്നതിനുള്ള കാരണം രേഖപ്പെടുത്തിയിട്ടില്ല.മേൽപ്പറഞ്ഞ സ്ഥാപനങ്ങൾ ലൈസൻസ് എടുക്കാതെ പ്രവർത്തിക്കുന്നുണ്ടോ എന്ന് പരിശോധനാവിധേയമാക്കിയിട്ടില്ല.

അനധികൃതമായി പ്രവർത്തിക്കുന്ന സ്ഥാപനങ്ങളിൽ നിന്ന് കേരള പഞ്ചായത്ത് രാജ് (ആപത്ക്കരവും അസഹ്യവുമായ വ്യപാരങ്ങൾക്കും മറ്റു ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങളിലെ ചട്ടം 26 അനുസരിച്ച് കേരള പഞ്ചായത്ത് രാജ് 255ാം വകുപ്പ് പ്രകാരം പിഴ ഈടാക്കിയിട്ടില്ല.

4)നിരാക്ഷേപ പത്രങ്ങൾ തൻവർഷത്തെ മുഴുവൻ കാലയളവിലേക്കും ഹാജരാക്കാത്ത സ്ഥാപനങ്ങൾക്കു് ലൈസൻസ് അനുവദിച്ചു.

പൊല്യൂഷൻ കൺട്രോൾ ബോർഡ് സർട്ടിഫിക്കറ്റ് മുഴുവൻ കാലയളവിലേക്ക് ലഭ്യമാക്കാത്ത താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് മുഴുവൻ കാലയളവിലേക്ക് ലൈസൻസ് അനുവദിച്ചു.

| അപേക്ഷകൻ | സ്ഥാപനം | സർട്ടിഫിക്കററിന്റെ കാലാവധി |
|---|---|---|
| കെ.കെ.ജയ്സൺ, കുന്തിലി | ശക്തി സെറാമിക്സ്& ക്ലേ പ്രൊഡക്ട്സ് | 31.7.12 |
| ശ്രീഭ.എസ്.എസ്, അമ്പാടി | എസ്.എസ്.ബിൽഡിംഗ് മെറ്റീരിയൽസ് | 31.12.14 |

സർട്ടിഫിക്കററുകളുടെ കാലയളവിലേക്കു് മാത്രമായി ലൈസൻസ് അനുവദിക്കേണ്ടതാണ്. അപാകതകൾ സംബന്ധിച്ച് വിശദീകരണം നൽകേണ്ടതാണ്.

## 2-3 ക്വാറി ലൈസൻസ്-അപാകതകൾ

1)ക്വാറിലൈസൻസ് അനുവദിക്കൽ-മതിയായ രേഖകൾ സമർപ്പിച്ചിട്ടില്ല.

1996ലെ കേരളപഞ്ചായത്ത് രാജ് (ആപത്ക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങളിലെ ചട്ടം 8 പ്രകാരം ഫാക്ടറി,വ്യവസായസ്ഥാപനങ്ങൾ എന്നിവയ്ക്കുള്ള ലൈസൻസുകളെ സംബന്ധിച്ചിടത്തോളം ലൈസൻസിന്റെ കാലാവധി അഞ്ചു വർഷമായി നിജപ്പെടുത്താവുന്നതാണെന്ന വ്യവസ്ഥ അനുസരിച്ച് താഴെ പറയുന്ന ക്വാറികൾക്ക് അഞ്ചു വർഷത്തേക്കുള്ള ഫീസ് മുൻകൂറായി ഈടാക്കി 2014-15 മുതൽ 2018-19വരെയുള്ള കാലയളവിലേക്ക് ലൈസൻസ്അനുവദിച്ചിട്ടുണ്ട്.എന്നാൽ ക്വാറികൾ പ്രവർത്തിപ്പിക്കുന്നതിന് മറ്റു സ്ഥാപനങ്ങളിൽ നിന്നും ലഭ്യമാക്കേണ്ട നിരാക്ഷേപ പത്രങ്ങൾ യഥാസമയം സമർപ്പിച്ചിട്ടില്ല.

| ഉടമ | സ്ഥാപനം | പൊല്യൂഷൻ കൺട്രോൾ ബോർഡ്-കാലാവധി | ക്വാറിയിങ്ങ് പെർമിറ്റ്കാലാവധി | എക്സ് പ്ലോസീവ് ലൈസൻസ് കാലാവധി |
|---|---|---|---|---|
| റോയ് മാത്യു, പ്ലാം പാനിയാൽ | ഫൈവ് സ്റ്റാർ ഗ്രാനൈറ്റ്സ് | ഹാജരാക്കി യിട്ടില്ല | ഹാജരാക്കിയിട്ടില്ല | 31.3.15 |
| മാത്യു എബ്രഹാം.ടി | സതേൺ റോക്ക്സ് | 30.6.15 | 9.2.15 | 31.3.15 |

2018-19 വരെ ലൈസൻസ് അനുവദിച്ചിട്ടുണ്ടെങ്കിലും ഓരോ വർഷത്തേക്കുള്ള രേഖകൾ ഹാജരാക്കുന്നതിന് നിർദ്ദേശം നൽകേണ്ടതാണ്.അല്ലാത്തപക്ഷം ലൈസൻസിന്റെ കാലാവധി ഒരു വർഷത്തേക്ക് മാത്രമായി നിജപ്പെടുത്തി ലൈസൻസ് അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

കൂടാതെ ലൈസൻസിന്റെ നമ്പർ, ലൈസൻസിന്റെ കാലയളവ് എന്നിവ രജിസ്റ്ററിൽ കൃത്യമായി രേഖപ്പെടുത്തേ ണ്ടതാണ്.

2)പൊല്യൂഷൻ കൺട്രോൾ ബോർഡിന്റെ 6/6/14 വരെ കാലാവധിയുള്ള നിരാക്ഷേപപത്രത്തിൻമേൽ മുഹമ്മദ്, s/oയൂസഫ് , കൊണ്ടരുതൊടി എന്നവരുടെ ഉടമസ്ഥതയിലുള്ള വട്ടപ്പാറ കാറിക്കു് 2014-15 സാമ്പത്തിക വർഷത്തേക്കും, 30/6/15വരെ കാലാവധിയുള്ള നിരാക്ഷേപപത്രത്തിൻമേൽ കെ.എസ്.കലന്തർ,കുളമ്പിൽ പടിഞ്ഞാക്കര എന്നവരുടെ ഉടമസ്ഥതയിലുള്ള മെറ്റൽ ക്രഷറിന് 5 വർഷത്തേക്കും ലൈസൻസ് അനുവദിച്ചിട്ടുണ്ട്.

മേൽ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 2-4 പെർമിറ്റ് /എൻ.ഒ.സി അപാകതകൾ

1. 2014-15 സാമ്പത്തിക വർഷം കെട്ടിടനിർമ്മാണ പെർമിറ്റ് രജിസ്റ്റർ തയ്യാറാക്കിയിട്ടില്ല.

പെർമിറ്റ്, നോ ഒബ്ജക്ഷൻ സർട്ടിഫിക്കറ്റിനുള്ള അപേക്ഷകൾ ഒരൊറ്റ രജിസ്റ്ററിൽ ചേർത്ത് പെർമിറ്റ്/എൻ.ഒ.സി അനുവദിച്ചിട്ടുണ്ട്. അപേക്ഷകന്റെ പേര്, സർവ്വേ നമ്പർ, തറവിസ്തീർണ്ണം എന്നിവ മാത്രമാണ് രേഖപ്പെടുത്തിയിട്ടുള്ളത്. അപേക്ഷ തീയതി, പെർമിറ്റ്നമ്പർ, വാണിജ്യ കെട്ടിടമാണോ, വാസഗൃഹമാണോ എന്ന വിവരം, അടവാക്കിയ പെർമിറ്റ് ഫീ, പെർമിറ്റിന്റെ കാലാവധി, കംപ്ലീഷൻ വിവരങ്ങൾ എന്നിവ രജിസ്റ്ററിൽ നിന്നും ലഭ്യമല്ല.

2. അപേക്ഷ ഫീ ഈടാക്കിയിട്ടില്ല

2014-15 സാമ്പത്തിക വർഷം പെർമിറ്റ്, നോ ഒബ്ജക്ഷൻ സർട്ടിഫിക്കറ്റിനുള്ള 291അപേക്ഷകൾ ലഭിച്ചിട്ടുണ്ട്.എന്നാൽ ഇവയ്ക്ക് അപേക്ഷ ഫീ ഈടാക്കിയതായി രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല.ലഭിച്ച അപേക്ഷകളുടെ വിവരം താഴെ കൊടുക്കുന്നു.
1.4.14 മുതൽ 25.8.14വരെ -95(ഈടാക്കേണ്ട ഫീ-95x20=1900)
26.8.14 മുതൽ 9.9.14 വരെ-8(ഈടാക്കേണ്ട ഫീ-8x20=160)
10.9.14 മുതൽ 31.3.15 വരെ-188(ഈടാക്കേണ്ട ഫീ-188x20=3760).ആകെ അപേക്ഷ ഫീ 5820/- ഈടാക്കി ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

3)പെർമിറ്റ് ഫീ ഈടാക്കിയിട്ടില്ല.

2014-15 സാമ്പത്തികവർഷം പെർമിറ്റ് അനുവദിച്ച താഴെ പറയുന്ന അപേക്ഷകർ പെർമിറ്റ്ഫീ അടവാക്കിയതായി രജിസ്റ്ററിലോ, അപേക്ഷയിലോ രേഖപ്പെടുത്തിയിട്ടില്ല.

| പെർമിറ്റ് നമ്പർ | ഉടമസ്ഥൻ | തറവിസ്തീർണ്ണം | ഈടാക്കേണ്ട തുക |
|---|---|---|---|
| C1-4931/14 dt 1/121/4 | അനന്തപദ്മനാഭൻ, മുണ്ടൂർമന | 128.2m$^2$ | 128.2x3=385/- |
| C3-5167/14 dt 12/12/141 | സോമൻ, തേവരക്കാട്ടിൽ | 108.5m$^2$ | 108.5x3=326/- |
| C1-6024/14 dt 23.1.15 | സേതുമാധവൻ, കിളിയംപാറ | 108.04m$^2$ | 108.04x3=324/- |

| | | | |
|---|---|---|---|
| | | | |
| C3-5595/14 dt 22.12.14 | ആമിനക്കുട്ടി, കണ്ണത്തുംപാറയിൽ | 144.42 $m^2$ | 144.42x3=433 |

ഈടാക്കാനുള്ള പെർമിറ്റ് ഫീ 1468/-രൂപ ഈടാക്കി വിശദാംശങ്ങൾ ഹാജരാക്കേണ്ടതാണ്.

## 2-5 പെർമിറ്റ് ഫയലുകൾ ഹാജരാക്കിയിട്ടില്ല

2014-15 സാമ്പത്തികവർഷം കെട്ടിടനിർമ്മാണത്തിനായി പെർമിറ്റ് അനുവദിച്ച താഴെ പറയുന്ന അപേക്ഷകരുടെ പെർമിറ്റ് ഫയൽ ഹാജരാക്കിയിട്ടില്ല.കെട്ടിടനിർമ്മാണപെർമിറ്റ് രജിസ്റ്റർ പരിപാലിക്കാത്തതിനാൽ അനുവദിച്ച പെർമിറ്റ് നം, തീയതി എന്നിവ ലഭ്യമല്ല.കൂടാതെ വാസഗൃഹമാണോ, വാണിജ്യകെട്ടിടമാണോ എന്ന വിവരവും ലഭ്യമല്ല.

| ക്രമനം | അപേക്ഷകൻ | തറ വിസ്തീർണ്ണം |
|---|---|---|
| 1 | നാരായണൻ,പാറയ്ക്കൽ | 168.08$m^2$ |
| 2 | ഷബീർ,പുളിക്കത്തൊടി | 168.73$m^2$ |
| 3 | ബാലൻ,കിഴക്കുമുറി | 173.93$m^2$ |
| 4 | മുഹമ്മദ്ബഷീർ,മുണ്ടനാട്ട്പീടികയിൽ | 210.06$m^2$ |
| 5 | അബൂബക്കർ,കൂമുള്ളംപറമ്പിൽ | 164.47$m^2$ |
| 6 | സുരേഷ് കുമാർ,മണ്ഡപത്തിങ്കൽ | 184.09$m^2$ |
| 7 | നബീസ,പ്ലാക്കൂട്ടത്തിൽ | 176.95$m^2$ |
| 8 | യൂസഫ്,പുത്തൻപീടികയിൽ | 204.10$m^2$ |
| 9 | ഷാഹിദ,താഴത്തേതിൽ(നിലം) | 166.12$m^2$ |
| 10 | ഭാമ വിജയരാഘവൻ,ഗോകുലം | 298.46$m^2$ |
| 11 | മുഹമ്മദ്മുസ്തഫ,ഊരമ്പത്ത് | 226.38$m^2$ |
| 12 | ജയറി ജോസഫ്,ചിറയിൻവീട്ടിൽ (ഡവലപ്മെന്റ് പെർമിറ്റ്) | 16186.8 m2 |
| 13 | മൊയ്തീൻ,അമ്മണത്ത് | 248.10m2 |
| 14 | സുനിൽകുമാർ,മേനോത്ത് | 227.22m2 |
| 15 | ഷാജി,മഠത്തിൽ കോന്നംകണ്ടത്ത് | 314.57m2 |

മേൽപ്പറഞ്ഞ ഫയലുകൾ ഹാജരാക്കേണ്ടതാണ്.

## 2-6 ലേലം-അപാകതകൾ

1)ലേലം-മൂല്യവർദ്ധിത നികുതി ഈടാക്കിയില്ല

പൈങ്കുളം ഗവ.യു.പി സ്ക്കൂളിലെ 5 ക്ലാസ്റൂമുകൾ പൊളിച്ചെടുക്കുന്നതിന് അസി.എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ 150017/-രൂപയുടെ വാലേഷൻ പ്രകാരം 29.10.14, 7.2.15 എന്നീ തീയതികളിൽ ലേലം നടത്തിയെങ്കിലും തുക കൂടുതലായതിനാൽ ലേലം നടന്നില്ല.പിന്നീട് ഭരണസമിതിയുടെ 3.3.15ലെ 5(1)തീരുമാനപ്രകാരം 50% തുക കുറവുചെയ്ത് ലേലം നടത്താൻ തീരുമാനിച്ചു.20/2/15 ലെ ലേലത്തിൽ 81100/-രൂപയ്ക്ക് ടി.ആർ.രാധാകൃഷ്ണൻ,തരകത്ത്,അവിണിശ്ശേരി എന്നവർക്ക് ലേലം ഉറപ്പിക്കുകയും ചെയ്തു.സെക്രട്ടറിയുടെ 3/3/15ലെ നം.B1-597/15 കത്തു പ്രകാരം ലേലതുകയുടെ 5% വാറ്റ് ഉൾപ്പെടെയുള്ള

സംഖ്യ അടവാക്കാൻ നിർദ്ദേശിച്ചതിന്റെ അടിസ്ഥാനത്തിൽ 6/3/15ലെ രസീതി നം.11402106216 പ്രകാരം വാറ്റ് ഒഴികെയുള്ള തുക 81100/-അടവാക്കി.വാറ്റ് ഈടാക്കാത്തതിനാൽ 4055/-രൂപ സർക്കാരിന് നഷ്ടം സംഭവിച്ചിട്ടുണ്ട്.

2)കരാർ വ്യവസ്ഥ പാലിച്ചില്ല

ലേലം എടുത്ത ടി.ആർ.രാധാകൃഷ്ണൻ,തരകത്ത്,അവിണിശ്ശേരി എന്നവർ ഗ്രാമപഞ്ചായത്തുമായി ഏർപ്പെട്ട കരാർ ഉടമ്പടി പ്രകാരം കെട്ടിടം പൊളിച്ചുമാററി ഗ്രൗണ്ട് ലെവലിൽ പ്രസ്തുതസ്ഥലം വൃത്തിയാക്കി തരുന്നതാണെന്ന വ്യവസ്ഥ പാലിക്കാതെ കെട്ടിടത്തിന്റെ മേൽക്കൂര മാത്രം പൊളിച്ചെടുത്തതിനാൽ 20/4/15ലെ B1-597/15 കത്തു പ്രകാരം സെക്യൂരിറ്റി ഡെപ്പോസിറ്റ് കണ്ടുകെട്ടുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.ആയതു പ്രകാരം ഇ.എം.ഡി.ഇനത്തിൽ അടവാക്കിയ തുക(11412106040/20.2.15 തുക-2000/-) ഗ്രാമപഞ്ചായത്ത് ഫണ്ടിലേക്ക് മുതൽകൂട്ടുന്നതിനുള്ള നടപടികൾ നാളിതുവരെ സ്വീകരിച്ചിട്ടില്ല.ആയത് തനത് ഫണ്ടിലേക്ക് മാറ്റുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-7 മൊബൈൽ ടവറുകൾ-യഥാർത്ഥ വിവരങ്ങൾ ഗ്രാമപഞ്ചായത്തിൽ ലഭ്യമല്ല.

മൊബൈൽ ടവറുകളുമായി ബന്ധപ്പെട്ട ഫയൽ ഹാജരാക്കിയതിൽ താഴെ പറയുന്ന മൊബൈൽ ടവറുകൾ പാഞ്ഞാൾ ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തനം ആരംഭിക്കുന്നതിന് അപേക്ഷ നൽകിയിട്ടുണ്ട്.എന്നാൽ ഇവയ്ക്ക് പെർമിറ്റ് അനുവദിച്ചതിന്റെയോ. വസ്തുനികുതിനിർണ്ണയം നടത്തിയതിന്റെയോ, വസ്തുനികുതി ഈടാക്കിയതിന്റെയോ രേഖകൾ ഫയലിൽ ലഭ്യമല്ല.

ഓരോ ടവറും സ്ഥിതിചെയ്യുന്ന വാർഡ്, കെട്ടിട നം, കെട്ടിടഉടമ, പെർമിറ്റ്ഫീ കണക്കാക്കി ഈടാക്കിയത്, വസ്തുനികുതി നിർണ്ണയിച്ച് ഈടാക്കിയത് എന്നീ വിവരങ്ങൾ ഫയലിൽ ലഭ്യമല്ല.ആയവ ഹാജരാക്കേണ്ടതാണ്

1)ഇൻഡസ് ടവർ, കൊച്ചി

2)വയർലെസ് ടി.ടി.ഇൻഫോ സർവ്വീസസ്

3)ഭാരതി എയർടെൽ ലിമിറ്റഡ്

4)ഐഡിയ മൊബൈൽ കണക്ഷൻസ്

5)റിലയൻസ് ടെലി കമ്മ്യൂണിക്കേഷൻസ്

6)ഇൻഡസ് ടവർ(സുബ്രമണ്യൻ കോവിൽ)

7)ഇൻഡസ് ടവർ(ഉദുവടി)

മേൽപ്പറഞ്ഞ വിശദാംശങ്ങൾ ഹാജരാക്കേണ്ടതാണ്.

## 2-8 വാട്ടർചാർജ്-പിരിച്ചെടുക്കാനുള്ള കുടിശ്ശിക നാളിതുവരെ തിട്ടപ്പെടുത്തിയിട്ടില്ല

ഗ്രാമപഞ്ചായത്ത് പരിപാലിക്കുന്ന ചുണ്ടൻകാട് കുടിവെള്ളപദ്ധതിയുടെ വൈദ്യുതി ചാർജ്, പമ്പ് ഓപ്പറേറ്റർ വേതനം എന്നിവ ഗ്രാമപഞ്ചായത്ത് നൽകി വരുന്നു.2014-15 സാമ്പത്തികവർഷം വൈദ്യുതി ചാർജിനത്തിൽ 100155/-രൂപയും, പമ്പ് ഓപ്പറേറ്റർ വേതനമിനത്തിൽ 58990/-രൂപയും ചെലവഴിച്ചിട്ടുണ്ട്.2014-15 സാമ്പത്തികവർഷം വാട്ടർചാർജിനത്തിൽ ആകെ പിരിച്ചെടുത്തത് 9273/-രൂപയാണ്.

1)മേൽപ്പറഞ്ഞ പദ്ധതിയിലെ ആകെ ഗുണഭോക്താക്കളുടെ എണ്ണം, എത്ര ഹൗസ് കണക്ഷനുകൾ അനുവദിച്ചിട്ടുണ്ട്, ഓരോ ഗുണഭോക്താവിൽ നിന്നും പ്രതിമാസം പിരിച്ചെടുക്കുന്ന തുക എന്നീ വിവരങ്ങൾ ഗ്രാമപഞ്ചായത്തിൽ ലഭ്യമല്ല.

2)വാർഷിക കണക്കു പ്രകാരം വാട്ടർ ചാർജിനത്തിൽ 9273/-രൂപ വരവുള്ളതായി റസീപ്റ്റ് &പേയ്മെന്റിൽ രേഖപ്പെടുത്തി കാണുന്നു.എന്നാൽ കുടിശ്ശിക ഉൾപ്പെടെയുള്ള ഡിമാന്റ്

കണക്കാക്കി ഇൻകം.& എക്സ്പെൻഡിച്ചറിൽ രേഖപ്പെടുത്തുകയോ, പിരിച്ചെടുക്കാനുള്ള കുടിശ്ശിക തുക ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തുകയോ ചെയ്തിട്ടില്ല.

3)കുടിവെള്ള പദ്ധതി ഗുണഭോക്തൃസമിതിയെ ഏൽപ്പിക്കുന്നതിനുള്ള നടപടികൾ നാളിതുവരെ സ്വീകരിച്ചിട്ടില്ല.

കുടിവെള്ളപദ്ധതിയുടെ പ്രവർത്തനം ഗുണഭോക്തൃസമിതിയെ ഏൽപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-9 വസ്തുനികുതി-അപാകതകൾ

1)വസ്തുനികുതി നിർണ്ണയ രജിസ്റ്ററുകൾ

2014-15 സാമ്പത്തികവർഷം ന്യൂബിൽഡിംഗ് രജിസ്റ്റർ പരിപാലിച്ചിട്ടുണ്ട്.എന്നാൽ വാർഡ് തല അസസ് മെന്റ് രജിസ്റ്ററിൽ പുതിയ കെട്ടിടങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല.

2)വസ്തുനികുതി ഡിമാന്റ് രജിസ്റ്റർ

വാർഡ്തലത്തിൽ ഡിമാന്റ് രജിസ്റ്ററുകൾ കമ്പ്യൂട്ടറിൽ നിന്ന് പ്രിന്റെടുത്ത് സൂക്ഷിച്ചിട്ടുണ്ട്. (സഞ്ചയ സോഫ്റ്റ് വെയറിൽ നിന്നും എടുത്ത പ്രിന്റ് അല്ല). എന്നാൽ 2014-15സാമ്പത്തികവർഷം ന്യൂബിൽഡിംഗ് രജിസ്റ്ററിൽ ചേർത്ത മിക്ക കെട്ടിടങ്ങളും ഈ പ്രിന്റിൽ ഉൾപ്പെട്ടിട്ടില്ല.മിക്ക വാർഡുകളിലും തൻവർഷത്തെ ഡിമാന്റ്, കളക്ഷൻ, ബാലൻസ് എന്നിവ രേഖപ്പെടുത്തിയിട്ടുണ്ട്.എന്നാൽ തൻവർഷത്തെ വരവ്, കുടിശ്ശിക എന്നിവ മിക്ക വാർഡിലും രേഖപ്പെടുത്തിയിട്ടില്ല. ആയതിനാൽ തന്നെ ഡിസിബി തയ്യാറാക്കിയതിന്റെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല.

3)വിമുക്തഭടൻമാരുടെ വസ്തുനികുതി ഇളവ്

അപേക്ഷ സമർപ്പിച്ച വിമുക്തഭടൻമാരുടെ വസ്തുനികുതി ഇളവ് ചെയ്ത് നൽകിയിട്ടുണ്ട്.എന്നാൽ വിമുക്തഭടൻമാർക്ക് പ്രത്യേക രജിസ്റ്റർ

2014-15ൽ തയ്യാറാക്കിയിട്ടില്ല. ആകെ ഒഴിവാക്കികൊടുത്ത വസ്തുനികുതി ഇളവ് ഡിസിബി സംഗ്രഹത്തിൽ രേഖപ്പെടുത്തിയിട്ടില്ല.

4)ഡെമോളിഷ്ഡ് രജിസ്റ്റർ

ധനകാര്യസ്റ്റാൻഡിംഗ് കമ്മറ്റിയുടെ 16/2/15ലെ തീരുമാനപ്രകാരം 105കെട്ടിടങ്ങൾ പൊളിച്ചുകളഞ്ഞതിനാൽ അവയുടെ വസ്തുനികുതി ഒഴിവാക്കികൊടുക്കാൻ തീരുമാനിച്ചിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ ഡിമാന്റിൽ നിന്നും പ്രസ്തുത കെട്ടിടങ്ങൾ ഒഴിവാക്കിയിട്ടുണ്ട്.എന്നാൽ ഡെമോളിഷ്ഡ് രജിസ്റ്റർ പരിപാലിക്കുകയോ ആകെ ഒഴിവാക്കികൊടുത്ത തുക എത്രയെന്ന് രേഖപ്പെടുത്തുകയോ ചെയ്തിട്ടില്ല.ആകെ ഒഴിവാക്കികൊടുത്ത വസ്തുനികുതി ഇളവ് ഡിസിബി സംഗ്രഹത്തിൽ രേഖപ്പെടുത്തിയിട്ടില്ല.നികുതി ഇളവ് അനുവദിച്ചപ്പോൾ കുടിശ്ശിക തുക ഈടാക്കിയതിന്റെ വിശദാംശങ്ങൾ ലഭ്യമല്ല.

## 2-10 അനധികൃത മതിൽ നിർമ്മാണം-തുടർനടപടികൾ അറിയിക്കേണ്ടത്

വൗച്ചർനം.21401107/10.3.15 പ്രകാരം കൂടലാറ്റുപുറത്തുമന കൃഷ്ണൻ നമ്പൂതിരിയുടെ പഞ്ചായത്ത് റോഡ് അനധികൃത കയ്യേറ്റം ഒഴിപ്പിക്കുന്നതിനു വേണ്ടി വളയം എർത്ത്മൂവേഴ്സിന്റെ ജെ.സി.ബി.5 മണിക്കൂർ ഉപയോഗിച്ചതിന് വാടകയിനത്തിൽ 4650/-രൂപയും, വസ്തുക്കൾ മാറ്റുന്നതിന് വൗച്ചർനം.21401111/13.3.15 (ചെക്ക് നം.161213/13.3.15) പ്രകാരം 377/- രൂപയും ചെലവഴിച്ചിട്ടുണ്ട്. (പഞ്ചായത്ത് ഭരണസമിതി തീരുമാനം PR.NO.2(2)/6.1.14)

കേരള പഞ്ചായത്ത് രാജ് കെട്ടിടനിർമ്മാണചട്ടങ്ങൾ 2011, ചട്ടം 138 പ്രകാരം സ്വീകരിച്ച തുടർനടപടികൾ അറിയിക്കേണ്ടതാണ്.

# ഭാഗം -3

# ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ്

# നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 ഒരേ ഗുണഭോക്താവിന് തൊഴിൽരഹിതവേതനവും, വിധവാപെൻഷനും വിതരണം ചെയ്തു

തൊഴിൽ രഹിതവേതനം (റോൾ നം.48/2003) കൈപ്പറ്റികൊണ്ടിരിക്കുന്ന രജിത.വി,വിഴക്കാട്ട് ഹൗസ്, പൈങ്കുളം എന്നവരുടെ വിധവാ പെൻഷനുള്ള അപേക്ഷ (അപേക്ഷ രജിസ്റ്റർ പേജ്,120, ക്രമനം.578) പരിഗണിച്ച് പെൻഷണർ ഐ.ഡി.107370601069 പ്രകാരം 1/14 മുതൽ വിധവാപെൻഷൻ അനുവദിച്ചിട്ടുണ്ട്. തൊഴിൽരഹിത വേതനം, വിധവാ പെൻഷൻ എന്നീ ഇനങ്ങളിൽ 2014-15 സാമ്പത്തികവർഷം കൈപ്പറ്റിയ തുക താഴെ കൊടുക്കുന്നു.

| തൊഴിൽരഹിത വേതനം | | | വിധവാപെൻഷൻ | | |
|---|---|---|---|---|---|
| ട്രഷറി ബിൽ നം | കാലയളവ് | തുക | ട്രഷറി ബിൽ നം | കാലയളവ് | തുക |
| 12/13.8.14 | 6/13 to 3/14 | 1200 | 3/18.8.14 | 1/14 to 2/14 | 1400 |
| 27/26.3.15 | 4/14 to 8/14 | 600 | 10/30.8.14 | 3/14 to 8/14 | 4200 |
| | | | 21/26.3.15 | 4/14 to 8/14 (അരിയർ)+9/14 | 500+800 |

2014-15ൽ വേതനമിനത്തിൽ കൈപ്പറ്റിയ തുക (1/14 മുതൽ 8/14 വരെ 120x8=960/- )തിരികെ ഈടാക്കേണ്ടതാണ്. ഇവരുടെ തൊഴിൽ രഹിത വേതനം റദ്ദു ചെയ്യേണ്ടതും, 2015-16 മുതൽ നാളിതുവരെ വിധവാ പെൻഷനോടൊപ്പം കൈപ്പറ്റിയ തൊഴിൽരഹിത വേതനം തിരികെ ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 3-2 വിധവാപെൻഷന് അപേക്ഷ സമർപ്പിച്ച വ്യക്തിക്ക് അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ അനുവദിച്ചു.

കാർത്ത്യായനി, മേനോത്ത്പടി, തൊഴുപ്പാടം എന്നവർ c1-6251/15.11.13 പ്രകാരം വിധവാപെൻഷന് അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. അഗതി പെൻഷൻ അനുവദിക്കാം എന്ന് അന്വേഷണോദ്യോഗസ്ഥൻ ശുപാർശ ചെയ്തിട്ടുണ്ട്. അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ അപേക്ഷ രജിസ്റ്റർ പേജ് 4,ക്രമനം.7 പ്രകാരം ഇവരുടെ പേരിനു നേരെ വിധവാപെൻഷൻ ലഭിക്കുന്നുണ്ടെന്ന് രേഖപ്പെടുത്തിയിട്ടുണ്ട്.വിധവാപെൻഷൻ അപേക്ഷ രജിസ്റ്റർ പേജ് 17, ക്രമനം.100ലും ഇവരുടെ പേര് രേഖപ്പെടുത്തികാണുന്നു. എന്നാൽ ഇവർക്ക് അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ അംഗീകരിച്ച് ധനസഹായം അനുവദിക്കുകയും ചെയ്തിട്ടുണ്ട്.(പെൻഷണർ ഐ.ഡി.107370500157).ഇവർക്ക് അനുവദിച്ച ധനസഹായത്തിന്റെ വിവരം താഴെ കൊടുക്കുന്നു.

| ട്രഷറി ബിൽനം | കാലയളവ് | തുക |
|---|---|---|
| 2/18.8.14 | 1/14 to 4/14 | 2800 |

| | | |
|---|---|---|
| 11/30.8.14 | 5/14 to 8/14 | 2800 |
| 20/26.3.15 | 4/14 to 8/14+9/14 to 11/14 | 500+2400= 2900 |
| | ആകെ | 8500/- |

വിധവാപെൻഷന് അപേക്ഷ സമർപ്പിച്ച വ്യക്തിക്ക് അനർഹമായി അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ അംഗീകരിച്ച് ധനസഹായമിനത്തിൽ അനുവദിച്ച തുക ഉത്തരവാദിയായ ഉദ്യോഗസ്ഥരിൽ നിന്നും തിരികെ ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതും അവിവാഹിത പെൻഷൻ റദ്ദു ചെയ്ത് അർഹരാണെങ്കിൽ വിധവാപെൻഷൻ അനുവദിക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 3-3 അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ-അർഹത പരിശോധിച്ചില്ല

ജി.ഒ(എം.എസ്)14/2001 സാ.ക്ഷേ.വ.31/3/2001 പ്രകാരം അവിവാഹിതരും, സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവരും അമ്പത് വയസ്സിൻമേൽ പ്രായമുള്ളവർക്കുമാണ് ഈ പെൻഷന് അർഹത.എന്നാൽ അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷന് അപേക്ഷ നൽകിയ പാറുക്കുട്ടി.എസ്, അയ്യൂർമഠം പറമ്പ്, പൈങ്കുളം (അപേക്ഷ നം.C1-6424/19.11.13) എന്നവർ ഹാജരാക്കിയ തിരിച്ചറിയൽ കാർഡ് നം.KL/08/ 054/179479 പ്രകാരം 1.1.98ലെ വയസ്സ് 33 ഉം, റേഷൻകാർഡ് നം.1842064383 പ്രകാരം 7/7/11 ലെ വയസ്സ് 42 ഉം ആണ് രേഖപ്പെടുത്തിയിരിക്കുന്നത്. ഈ രേഖകൾ പ്രകാരം 2013ൽ ഇവർക്ക് 50 വയസ്സ് തികയാൻ സാധ്യതയില്ലാ എന്നിരിക്കെ മേൽ രേഖകളുടെ അടിസ്ഥാനത്തിൽ ഇവരുടെ അപേക്ഷ അംഗീകരിച്ച് ധനസഹായം അനുവദിച്ചിട്ടുണ്ട്. വിശദാംശം താഴെ കൊടുക്കുന്നു.(പെൻഷണർ ഐ.ഡി-107370599163)

| ട്രഷറിബിൽ നം | കാലയളവ് | തുക |
|---|---|---|
| 2/18.8.14 | 1/14 to 4/14 | 2800 |
| 11/30.8.14 | 5/14 to8/14 | 2800 |
| 20/26.3.15 | 4/14to8/14+ 9/14 to11/14 | 500+2400 |
| | ആകെ | 8500 |

അനർഹമായി അനുവദിച്ച കാലയളവിലെ തുക അന്വേഷണോദ്യോഗസ്ഥനിൽ നിന്നും തിരികെ ഈടാക്കേണ്ടതാണ്.

## 3-4 ജനറേറ്റർ-ലോഗ്ബുക്ക് പരിപാലിച്ചിട്ടില്ല

2013-14 സാമ്പത്തികവർഷം ട്രഷറിബിൽനം.43/26.3.14 പ്രകാരം 270541/-രൂപ ചെലവഴിച്ച് ജനറേറ്റർ വാങ്ങിയിട്ടുണ്ട്.എന്നാൽ 2014-15 സാമ്പത്തികവർഷം ജനറേറ്ററിന്റെ ഉപയോഗത്തിനായി ഡീസൽ വാങ്ങിയിട്ടുണ്ടെങ്കിലും ലോഗ്ബുക്ക് പരിപാലിച്ചിട്ടില്ല.ഡീസൽ വാങ്ങിയതിന്റെ വിശദാംശം താഴെ കൊടുക്കുന്നു.

| വൗച്ചർ നം തിയതി | തുക |
|---|---|
| 2140027/7.4.14 | 360 |
| 21400197/12.6.14 | 2946 |

| | |
|---|---|
| 21400345/8.8.14 | 3042/- |
| 21400579/17.10.14 | 3133/- |
| 21400821/23.12.14 | 3134/- |
| 21400926/23.1.15 | 1540(ഓയിൽ ചേഞ്ച്) |
| 21400997/4.2.15 | 2735/- |
| ആകെ | 16890 |

ലോഗ്ബുക്ക് തയ്യാറാക്കി ഓഡിറ്റിൽ ഹാജരാക്കുന്നതു വരെ ചെലവുതുക തടസ്സപ്പെടുത്തുന്നു.

## 3-5 സ്പെസിഫിക്കേഷൻ വ്യക്തമാക്കാതെ ടെണ്ടർ ചെയ്ത് ഉപകരണങ്ങൾ വാങ്ങി

നിർവ്വഹണ ഉദ്യോഗസ്ഥൻ: സെക്രട്ടറി

പ്രൊജക്ട് നമ്പർ : 150/15

അടങ്കൽ : 60000(ലോകബാങ്ക് ധനസഹായം)

പ്രൊജക്ടിന്റെ പേര് :ഫ്രണ്ട്ഓഫീസിലേക്ക്ഉപകരണങ്ങൾവാങ്ങൽ

ചെലവഴിച്ച തുക : ട്രഷറി ബിൽ നമ്പർ 15/23.9.14; ₹48950

പഞ്ചായത്തിലെ ഫ്രണ്ട് ഓഫീസിലേക്ക് ടെലിവിഷനും അനുബന്ധസാമഗ്രികളും വാട്ടർ ഫിൽട്ടറും വാങ്ങുന്നതാണ് പ്രൊജക്ട്. ഇതിനായി 16.9.14 ലെ ബി1-5767/13 എന്ന നമ്പറിൽ പത്രപരസ്യം മുഖേന ടെണ്ടർ ക്ഷണിച്ചിട്ടുണ്ട്. ശ്രീ.ഗീവർ പനക്കൽ, മെട്രോ ഏജൻസീസ്,കുന്നംകുളം, സഭാ ട്രേഡിങ്ങ് കമ്പനി കൊടുങ്ങല്ലൂർ എന്നിവർ 30.9.14 ൽ ടെണ്ടർ സമർപ്പിച്ചു. കുറവു നിരക്ക് രേഖപ്പെടുത്തിയ ശ്രീ.ഗീവർ പനക്കൽ,മെട്രോ ഏജൻസീസ്,കുന്നംകുളം ത്തിന്റെ ടെണ്ടർ സ്വീകരിക്കുകയും ഉപകരണങ്ങൾ വാങ്ങുകയും ചെയ്തു. എന്നാൽ ടെണ്ടർ നടത്തുമ്പോൾ ഉപകരണങ്ങളുടെ സ്പെസിഫിക്കേഷൻ വ്യക്തമാക്കിയിരുന്നില്ല. ടെണ്ടർ ഷെഡ്യൂളിൽ താഴെ പറയും പ്രകാരമാണ് രേഖപ്പെടുത്തിയിരുന്നത്.

LCD TV 32”

വാട്ടർ ഫിൽട്ടർ

സ്റ്റെബിലൈസർ

ടി.വി.ക്ക് ഗ്രിൽ

ടെലിവിഷൻ, വാട്ടർ ഫിൽട്ടർ എന്നിവ വ്യത്യസ്ത തരം സ്പെസിഫിക്കേഷനിൽ വിപണിയിൽ ലഭ്യമാണ്. 32” ടെലിവിഷൻ തന്നെ ഹൈ ഡെഫിനിഷൻ, എച്ച്.ഡി.റെഡി, വൈഫൈ കണക്ടിവിറ്റി, എച്ച്.ഡി.എം.ഐ പോർട്ടുകൾ തുടങ്ങിയ വ്യത്യസ്ത സൗകര്യങ്ങളോടെ ലഭ്യമാണ്. വാട്ടർ ഫിൽട്ടറുകൾ അവയുടെ ഫിൽട്ടറിങ്ങ് രീതിയനുസരിച്ച് വ്യത്യസ്തപ്പെട്ടിരിക്കുന്നു. വെറും ഫിൽട്രേഷൻ തുടങ്ങി യു.വി.,റിവേഴ്സ് ഓസ്മോസിസ്,അയോൺ എക്സ്ചേഞ്ച് റെസിൻ തുടങ്ങിയ രീതിയിലുള്ള ശുദ്ധീകരണപ്രക്രിയകളുള്ള വാട്ടർ ഫിൽട്ടറുകൾ ലഭ്യമാണ്. ഇവയെല്ലാം വിലയിലും വ്യത്യസ്തപ്പെട്ടിരിക്കുന്നു. എന്നാൽ ഇതൊന്നും പരിഗണിക്കാതെയാണ് ടെണ്ടർ ക്ഷണിച്ചിരിക്കുന്നത്.

സമർപ്പിക്കപ്പെട്ട ടെണ്ടറുകൾ ചുവടെ ചേർക്കുന്നു.

| സഭാ ട്രേഡിങ്ങ് കമ്പനി കൊടുങ്ങല്ലൂർ | ശ്രീ.ഗീവർ പനക്കൽ,മെട്രോ ഏജൻസീസ്, കുന്നംകുളം |
|---|---|

| | |
|---|---|
| LCD TV 32" - ₹37000<br>വാട്ടർ ഫിൽട്ടർ - --<br>സ്റ്റെബിലൈസർ - ₹3000<br>ടി.വി.ക്ക് ഗ്രിൽ - ₹10000 | LED TV 32" LG - ₹30000<br>"വിഡിയോകോൺ- ₹ 33930<br>" ഒനിഡ - ₹32500<br>വാട്ടർ ഫിൽട്ടർ - ₹9950<br>സ്റ്റെബിലൈസർ - ₹3000<br>(വി-ഗാർഡ്)<br>ടി.വി.ക്ക് ഗ്രിൽ - ₹6000 |

ജി.ഒ.(പി) 259/2010/തസ്വഭവ 8.11.2010 പ്രകാരം പുറപ്പെടുവിച്ചിട്ടുള്ള തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള സാധനങ്ങളും സേവനങ്ങളും സമാഹരിക്കുന്നതിനുള്ള മാർഗ്ഗരേഖയിലെ ഖണ്ഡിക 4.1 പ്രകാരം വാങ്ങേണ്ട സാധനങ്ങളുടെ സ്പെസിഫിക്കേഷൻ നിശ്ചയിക്കേണ്ടത് നിർവ്വഹണഉദ്യോഗസ്ഥൻ നേതൃത്വം നല്കുന്ന ടെക്നിക്കൽ സംഘമാണ്. എന്നാൽ നിർവ്വഹണ ഉദ്യാഗസ്ഥനായ സെക്രട്ടറി പ്രസ്തുത ചുമതല നിർവ്വഹിച്ചിട്ടില്ല. സ്പെസിഫിക്കേഷൻ വ്യക്തമാക്കാതെ നിരക്കുകൾ താരതമ്യം ചെയ്യുന്നത് യുക്തിസഹമല്ല. മേൽ വാങ്ങൽ പഞ്ചായത്തിന് ആദായകരമായിരുന്നെന്ന് ഉറപ്പിക്കാനാവില്ല.

ഈ സാഹചര്യത്തിൽ ₹48950 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-6 ഭവന പുനരുദ്ധാരണം-അപാകതകൾ

പ്രൊജക്ട് നം. 204- ഭവന പുനരുദ്ധാരണം (SCP)

അടങ്കൽ - വികസന ഫണ്ട് (എസ്.സി.പി) - 358236/-

തനത് ഫണ്ട് - 16764/-

-------------

ആകെ - 375000/-

===========

ചെലവ് - 1. 157500/- (ബിൽ നം. 7/14-15, 24.3.15)

2. 172500/- (ബിൽ നം. 8/14-15, 30.3.15)

നിർവഹണ ഉദ്യോഗസ്ഥൻ -അസിസ്റ്റന്റ് സെക്രട്ടറി

